**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **12-02-2024 - ൽ മറുപടിയ്ക്ക്**

**പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) തസ്തികയിൽ നിലവിൽ അഞ്ച് ഒഴിവുകൾ ഉണ്ട്. എല്ലാ ഒഴിവുകളും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 2024 നവംബർ 30 വരെ പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം മാസങ്ങളിൽ എത്ര ഒഴിവുകൾ വീതം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2024 നവംബർ 30 വരെ പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ ഇല്ല. |
| (സി) | ജീവനക്കാർ ദീർഘകാലത്തേക്ക് അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; 2024 നവംബർ 30 വരെ വിരമിക്കൽ, പ്രൊമോഷൻ എന്നിവ മുഖേന എത്ര ഒഴിവുകളുണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (സി) | ജീവനക്കാർ ദീർഘകാലത്തേയ്ക്ക് അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ട്. 2024 നവംബർ 30 വരെ പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ വിരമിക്കൽ, പ്രൊമോഷൻ മുഖേനയുള്ള പ്രതീക്ഷിത ഒഴിവുകൾ ഇല്ല. |
| (ഡി) | പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 കാറ്റഗറിയിൽ എത്ര അനുവദനീയ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (ഡി) | പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ 181 അനുവദനീയ തസ്തികകളുണ്ട്. ടി തസ്തികകളിൽ 176 പേർ ജോലി ചെയ്യുന്നുണ്ട്. |
| (ഇ) | മറ്റ് ജില്ലകളെ അപേക്ഷിച്ച് പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് നികത്തുന്നതിന് നടപടിയുണ്ടാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനം ത്വരിത ഗതിയിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ സയമബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും കൃത്യമായി |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ